പള്ളം ബ്ലോക്ക് പഞ്ചായത്ത്



പള്ളം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം

ബഡ്ജറ്റ് 2024 -25

ആമുഖം

ബഹുമാന്യരേ,

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024 - 25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് സമിതി മുമ്പാകെ അവതരിപ്പിക്കുകയാണ്.

കോട്ടയം ജില്ലാ ആസ്ഥാനത്തു നിന്നും 8 കിലോമീറ്റർ വടക്കുകിഴക്കായി 211.95 ചതുരശ്രകിലോമീറ്ററിലായി 5 പഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് പള്ളം ബ്ലോക്ക് പഞ്ചായത്ത്.

കാർഷിക - വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട ഉപജീവന രീതികളും ഭൌതിക സാഹചര്യങ്ങളുമാണ് ഈ പ്രദേശത്തുള്ളത്. വ്യവസായികമായി ഒട്ടേറെ സാധ്യതകൾ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ടൂറിസം മേഖലയിലും വികസന സാധ്യതകൾ കണ്ടെത്താൻ ശ്രമിക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാർ നവകേരള നിർമ്മിതിയ്ക്കായി നടപ്പിലാക്കുന്ന വികസന മിഷനുകളുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്ന തരത്തിലുള്ള ആസൂത്രണവും തൊഴിലും തൊഴിൽ അവസരങ്ങളും പരമാവധി സൃഷ്ടിച്ച് പ്രാദേശിക വികസനസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ സ്വീകരിക്കുവാനുമാണ് ബഡ്ജറ്റിലൂടെ നിർദ്ദേശിക്കുന്നത്.

വേറിട്ടതും, മികച്ചതും മാതൃകാപരവുമായ ഒരു വികസന കാഴ്ചപ്പാടിനെ പ്രായോഗികവത്ക്കരിക്കാനുള്ള ശ്രമമാണ് 2024 -25 ലെ ബഡ്ജറ്റിലൂടെ മുന്നോട്ടു വയ്ക്കുന്നത്.

പ്രധാന പദ്ധതികളുടെ വിശദീകരണം

നവകേരളം കർമ്മപദ്ധതി-2 ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ വികസന മിഷനുകളുടെയും കീഴിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ പ്രവർത്തനങ്ങളും ഏറ്റടുത്ത് നടപ്പിലാക്കാൻ ശ്രമിക്കും.

ഹരിതകേരളമിഷൻ

കൃഷി -ക്ഷീരവികസനം - മൃഗസംരക്ഷണം

ജൈവകൃഷി വ്യാപനം, കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, മാലിന്യ സംസ്ക്കരണം എന്നി ഉപമിഷനുകളിലായിട്ടാണ് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഇടവിളക്കൃഷി- കിഴങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മത്തൾക്കൃഷി വ്യാപകമായി ചെയ്യുന്നതിനും നെൽക്കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ച് ഉല്പാദന വർദ്ധനവ് ഉറപ്പാക്കുന്നതിനും ശ്രമിക്കും. കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്കും, പാടശേഖരസമിതികൾക്കും കൂലിച്ചെലവ് സബ് സിഡി, പെട്ടി -പറ, പമ്പ് സെറ്റ് എന്നിവ അനുവദിച്ചു നൽകും.ഇതിനായികാർഷികമേഖലയിലെ തുക **20,00,000**(ഇരുപത് ലക്ഷം) രൂപ വകയിരുത്തുന്നു.

നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡിയായി 10,00,000 (പത്ത് ലക്ഷം) രൂപ വകയിരുത്തുന്നു.

കൃഷി ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി **42,00,000** (നാൽപ്പത്തിരണ്ട് ലക്ഷം) രൂപ വകയിരുത്തുന്നതുൾപ്പടെ ഉല്പാദന മേഖലയിൽ **72,00,000** (എഴുപത്തിരണ്ട് ലക്ഷം) രൂപ വകയിരുത്തുന്നു

നാളികേരക്കൃഷി നാട്ടിലാകെ കുറഞ്ഞു വരുന്ന സാഹചര്യം മുന്നിൽ കണ്ട് ബ്ലോക്ക് പരിധിയിൽ അത്യുല്പാദനശേഷിയുള്ള നാളികേര തൈകൾ നൽകി കാർഷിക മേഖലയെ സമ്പന്നമാക്കുന്നതിനായി കഴിഞ്ഞ വർഷം ആരംഭിച്ച കേരസമൃദ്ധി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കും. ബഡ്ജറ്റ് വർഷത്തിലും ഇതിനായി **1,00,000, (ഒരു ലക്ഷം)** രൂപ വകയിരുത്തും.

ക്ഷീരവികസന- മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെഭാഗമായിക്ഷിര കർഷകരെ സഹായിക്കുന്നതി കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി **12,00,000 (പന്ത്രണ്ട് ലക്ഷം)** രൂപ വകയിരുത്തുന്നു. കൂടാതെ MGNREGS ന്റെ സഹകരണത്തോടെ ചോളം, തീറ്റപ്പുൽക്കൃഷി എന്നിവ വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നു. എ.ബി.സി പ്രോഗാം തുടർപദ്ധതിയായി നടത്തുന്നതിന് **20,00,000 (ഇരുപത് ലക്ഷം)** രൂപ വകയിരുത്തുന്നു

കുടിവെള്ളം

കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ആരംഭിച്ചത് ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. ജൽജീവൻ മിഷൻ, ജലനിധി തുടങ്ങി ഒട്ടേറെ പദ്ധതികൾ ഇതിന്റെ ഭാഗമായി നടന്നു വരുന്നുണ്ട്. ഇനിയും കുടിവെള്ള ദൌർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കും.

ഹോമിയോ ആശുപത്രിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുളം നിർമ്മിച്ച് റിചാർജ് സൌകര്യം ഏർപ്പാടാക്കുന്നതിന് 20,00,000 (ഇരുപത് ലക്ഷം) രൂപ വകയിരുത്തും. അയർക്കുന്നം കുടിവെള്ള പദ്ധതിക്കായി 7,00,000 (ഏഴ് ലക്ഷം) രൂപ, വിജയപുരംകുടിവെള്ള പദ്ധതിക്കായി 5,00,000 (അഞ്ച് ലക്ഷം) രൂപ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 1 പുന്നയ്ക്കൽ മാലയാറ്റുംകുന്നുംപുറം കുടിവെള്ള പദ്ധതിക്ക് 10,00,000 (പത്ത് ലക്ഷം) വീതം വകയിരുത്തുന്നു. ബ്ലോക്കിനു കീഴിലെ സർക്കാർ ഓഫീസുകളിൽ മഴവെള്ള സംഭരണ സൌകര്യങ്ങൾ പ്രാവർത്തികമാക്കുന്നു. ബ്ലോക്ക് ഓഫീസിൽ നിർമ്മിച്ചിരിക്കുന്നതുൾപ്പടെയുള്ള നിലവിലെ കുടിവെള്ള ശേഖരണ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് ശ്രമിക്കും. ഇതിനായി 100000 രൂപ നീക്കി വയ്ക്കും.സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി വാട്ടർ പ്യൂരിഫയർ നൽകുന്നതിനായി 13,00,000 (പതിമൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നതുൾപ്പടെആകെ ഈമേഖലയിലേയ്ക്കായി 56,00,000 (അൻപത്തിയാറ് ലക്ഷം) രൂപ നീക്കിവയ്ക്കുന്നു. കൂടാതെ MGNREGS പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കിണറുകൾ റിചാർജ്ജ് ചെയ്യുന്ന കാര്യം കൂടുതൽ ശ്രദ്ധയോടെ നടപ്പിലാക്കും.

മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള RRFന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന് സർക്കാർ - അക്രെഡിറ്റഡ് ഏജൻസികളുമായി ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കും. ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭിക്കത്തക്ക രീതിയിൽ ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.സ്കൂളുകളിൽ ശുചിത്വം, ജൈവമാലിന്യസംസ്കരണം എന്നീ മേഖലയിൽ പ്രത്യേക ഇടപെടലുകൾ നടത്തും. നവോദയ സ്കൂൾ കോംപൌണ്ടിൽ ടൊയ് ലറ്റ്, മാങ്ങാനം എൽ.പി.സ്കൂളിൽ ടൊയ് ലറ്റ് , സ്ക്കൂകുകളിലെ ജൈവമാലിന്യ സംസ്ക്കരണ സംവിധാനം എന്നിവയ്ക്കായി 17,00,000 (പതിനേഴ് ലക്ഷം) രൂപ വകയിരുത്തും.

സ്കൂളുകളിൽ ഷി-പാഡ് നൽകുന്നതിനായി 2,52,000 (രണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരം) രൂപ വകയിരുത്തുന്നു. ആശുപത്രികളിൽ ബയോമെഡിക്കൽ മാനേജ് മെൻറ് സംവിധാനത്തിനായി 1.70,000 (ഒരു ലക്ഷത്തി എഴുപതിനായിരം) നീക്കിവയ്ക്കുന്നതുൾപ്പടെ 21,22,000 (ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരം) രൂപ ഈ മേഖലയ്ക്കായി വകയിരുത്തുന്നു.

കൂടാതെ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ സോക്ക് പിറ്റ്, കംമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കും.ഡയപ്പർ സംസ്ക്കരണ യൂണിറ്റ്, ഇൻസിനേറ്റർ എന്നിവ കഴിഞ്ഞ പദ്ധതി കാലത്ത് ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടത്തിയെങ്കിലും പൂർണ്ണമായ ലക്ഷ്യം കണ്ടില്ല. നിർവ്വഹണ പ്രവർത്തനം പാതിയോളം എത്തിയ ഇവ ബഡ്ജറ്റ് വർഷം നടപ്പിലാക്കുന്നതായിരിക്കും. ശുചിത്വമുക്ത വീടുകൾ, സ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവയുടെ ശുചിത്വ സ്ഥിതി അവലോകനം ചെയ്യുകയും ആയത് നിലനിർത്തുന്നതിനുമുള്ള ശ്രമങ്ങൾ കണക്കിലെടുത്ത്

ഗ്രാമപഞ്ചായത്തുകളെ ഗ്രേഡ് ചെയ്യുന്നതിനും പ്രത്യേക പദവി നൽകുന്നതിനും നടപടി സ്വീകരിക്കും.

ലൈഫ് മിഷൻ

ലൈഫ് ഉൾപ്പെടെയുള്ള പാർപ്പിട മേഖലയിൽ **86,00,000** (എണ്പത്തിയാറ് ലക്ഷം)രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു. ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി നിലവിൽ നടപ്പിലാക്കുന്ന മനസ്സോടിത്തിരി മണ്ണ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. അനിൽ എം ചാണ്ടി സൌജന്യമായി 5 പേർക്ക് കിടപ്പാടം നൽകിയ മഹത് പ്രവർത്തനത്തെ ഈ ബഡ്ജറ്റിൽ അങ്ങേയറ്റം അഭിനന്ദിക്കുന്നു. ഇതിൽ നിന്ന് കിട്ടിയ പ്രചോദനം ഉൾക്കൊണ്ട് ഈ രീതിയിൽ കിടപ്പാടം കണ്ടെത്തി നൽകാനുള്ള കൂടുതൽ ശ്രമങ്ങൾ നടത്തും. സ്ഥലം ലഭ്യമായ 5 പേർക്കും അടിയന്തിരമായി കിടപ്പാടം ലഭ്യമാകുന്നതിനുള്ള നടപടികൾ ആരംഭിക്കും. ഈ ഗുണഭോക്താക്കൾക്ക് മറ്റ് അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി **7,00,000** (ഏഴ് ലക്ഷം) രൂപ വകയിരുത്തുന്നു. പി.എം.എ.വൈ കേന്ദ്രവിഹിതം **12,00,000** (പന്ത്രണ്ട് ലക്ഷം) ടി.എസ്.പി ഫണ്ട് ഇനത്തിൽ ലഭിക്കുന്ന **3,26,000** (മൂന്ന് ലക്ഷത്തി ഇരുപത്തിയാറായിരം) രൂപ ഉൾപ്പടെ **1,08,26,000 (ഒരുകോടി എട്ട് ലക്ഷത്തി ഇരുപത്തിയാറായിരം)** രൂപ ഈ മേഖലയിൽ ചെലവഴിക്കും

ആരോഗ്യ മേഖല

കുടുംബാരോഗ്യപരിപാലനം എന്ന വലിയ ആശയത്തിലേയ്ക്കാണ് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളെ വിഭാവനം ചെയ്തിട്ടുള്ളത്. മികച്ച ചികിത്സയും, ഹൃദ്യവും, രോഗി സൌഹൃദവുമായ അന്തരീക്ഷവും പ്രദാനം ചെയ്യുന്ന തരത്തിൽ ഭൌതിക സാഹചര്യങ്ങളിൽ മാറ്റം വരുത്തും. NCD ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മരുന്നുകൾ മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകും. മരുന്ന് വാങ്ങൽ, ലാബ് സൌകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്കായി **63,00,000** (അറുപത്തിമൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു. നാല് ആശുപത്രികളിലായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ഫാർമസിസ്റ്റിന് വേതനം നൽകുന്നതിനായി **11,00,000** (പതിനൊന്ന് ലക്ഷം) വകയിരുത്തുന്നു.സെക്കന്ഡറി പാലിയേറ്റീവ് കെയർ സംവിധാനം കൂടുതൽ ഗുണമേന്മ ഉറപ്പു വരുത്തി തുടരും. പാലിയേറ്റീവ് പരിചരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തി സേവന മനോഭാവം കുട്ടികളിൽ വളർത്തുന്ന സംസ്ക്കാരം കാര്യക്ഷമമായി നടപ്പിലാക്കും. ഡയാലിസിസ് കിറ്റ് നൽകുന്ന പ്രവർത്തനം കൂടുതൽ പേർക്ക് പ്രയോജനം കിട്ടുന്ന വിധത്തിൽ തുടരും. ഈ പ്രവർത്തനങ്ങൾക്കായി **20,00,000** (ഇരുപത് ലക്ഷം) നീക്കിവയ്ക്കുന്നതുൾപ്പടെ ആരോഗ്യമേഖലയ്ക്ക് **94,00,000 (തൊണ്ണൂറ്റി നാല് ലക്ഷം)** രൂപ വകയിരുത്തും.

വിദ്യാഭ്യാസമേഖല

ഏറ്റവും മികച്ച വിദ്യാഭ്യാസം ഗുണമേന്മയുള്ള അന്തരീക്ഷത്തിൽ വിദ്യാർത്ഥികൾക്ക് നൽകി പഠനം ഔതിക സാഹചര്യങ്ങൾ മികവുറ്റതാക്കുന്നതാണ് വിദ്യാകിരണം പദ്ധതി അഥവാ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നയം. സ്കൂളുകളുടെ അക്കാഡമിക് കാര്യങ്ങളിൽ ഇടപെടുന്നതിന് പരിമിതികൾ ഉണ്ടെങ്കിലും മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കും. സ്ക്കൂളുകളിൽ ശുചിത്വ സൌകര്യങ്ങൾ, മാലിന്യസംസ്ക്കരണ സൌകര്യങ്ങൾ, ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ എന്നിവയ്ക്കായി തുക നിക്കിവച്ചതിനുപുറമേ കൂടുതൽ സൌകര്യങ്ങൾ ഉറപ്പാക്കുന്നതിന് ജില്ലാപഞ്ചായത്ത് വിഹിതം, എം.പി. എം എൽ എ ഫണ്ടുകൾ എന്നിവ സമാഹരിക്കും. ബഹുമാനപ്പെട്ട എം.പിയുടെ ഫണ്ടിൽ നിന്നും സ്ക്കൂൾ ബസ് ലഭ്യമാക്കിയതിന്റെ തുടർച്ചയായി ഇത്തരം സൌകര്യങ്ങൾക്കുള്ള ശ്രമങ്ങൾ തുടരും. വിദ്യാലയങ്ങളിൽ ഔഷധോദ്യാനങ്ങൾ, അംഗനവാടികളിൽ ന്യൂട്രിഗാർഡൻ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കും. ദേശീയ സമ്പാദ്യപദ്ധതിയുമായി സഹകരിച്ച് കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും.

ഊർജ്ജസംരക്ഷണം

പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്ന വലിയ ആശയത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലും ബ്ലോക്ക് ഓഫീസിനോട് ചേർന്നുള്ള കെട്ടിടങ്ങളിലും ഘടകസ്ഥാപനങ്ങളിലും സൌരോർജ്ജ പാനലുകൾ സ്ഥാപിക്കും. ഇതിനായി അനെർട്ട് അടക്കമുള്ള എജൻസികളുമായി ബന്ധപ്പെട്ട് പദ്ധതി രൂപീകരിക്കും. **50,00,000 (അൻപത് ലക്ഷം)** രൂപ ഇതിനായി വകയിരുത്തുന്നു.

സാമൂഹ്യനീതി - വനിതാ ശിശുവികസനം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിനായി **20,00,000** (ഇരുപത് ലക്ഷം) രൂപ വകയിരുത്തും.

സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗനവാടികൾക്കും ഭരണസമിതിയുടെ കാലയളവിനുള്ളിൽ കെട്ടിടം നിർമ്മിക്കുക എന്ന നയത്തിന്റെ ഭാഗമായി 4 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കും. ഇതിനായി MGNREGS പദ്ധതിയെ ഫലപ്രദമായി വിനിയോഗിക്കും. ആദ്യഘട്ടത്തിൽ 4 അംഗനവാടികൾക്കായി **48,00,000** (നാൽപ്പത്തിയെട്ട് ലക്ഷം) രൂപ വകയിരുത്തും. അംഗൻവാടികളുടെ പുനരുദ്ധാരണത്തിനായി **15,00,000** (പതിനഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.

അംഗൻവാടി കുട്ടികൾക്കു കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ നൽകുന്നതിനായി **5,00,000** (അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു. ഭിന്നശേഷി കലോത്സവം, വനിതോത്സവം എന്നിവ തുടർന്നും നടപ്പിലാക്കും ഇതിനായി **5,00,000** (അഞ്ച് ലക്ഷം)

രൂപ നീക്കി വയ്ക്കുന്നതുൾപ്പടെ ഈ മേഖലയ്ക്കായി ആകെ **93,00,000 (തൊണ്ണൂറ്റി മൂന്ന് ലക്ഷം)** രൂപ വകയിരുത്തുന്നു.

പട്ടികജാതി - പട്ടിവർഗ്ഗക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിൽ അതീവ താല്പര്യത്തോടെ നടപ്പിലാക്കി വരുന്ന 'ഞങ്ങളും മുഖ്യധാരയിലേക്ക് ' പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നവകേരളസദസിനോട് അനുബന്ധിച്ച് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചിരിക്കുകയാണ്. ബ്ലോക്കിന് ലഭ്യമാകുന്ന SCP, TSP ഫണ്ട് പൂർണ്ണമായും ഈ വിഭാഗത്തിന്റെ ക്ഷേമത്തിന് വിനിയോഗിക്കുന്നതിനു പുറമേ പൊതു വിഭാഗം തുക കൂടി വിനിയോഗിക്കേണ്ടി വരുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി **26,00,000** (ഇരുപത്തിയാറ് ലക്ഷം) രൂപ വകയിരുത്തുന്നു. വകയിരുത്തുന്നു. പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടം നവീകരിച്ച് അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി **9,00,000** (ഒൻപത് ലക്ഷം) രൂപ വകയിരുത്തുന്നു. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 5 ൽ ബ്ലോക്ക് പഞ്ചായത്തിന് സൌജന്യമായി ലഭിച്ച സ്ഥലത്ത് കുഴിക്കാട് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി **7,00,000** (ഏഴ് ലക്ഷം), കൊശമറ്റം കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിന് **7,00,000** (ഏഴ് ലക്ഷം) രൂപ വിതം വകയിരുത്തുന്നു. ആര്യാട് കോളനി അടിസ്ഥാന സൌകര്യ വികസനത്തിന് 6,00,000,(ആറ് ലക്ഷം) രൂപയും ചെമ്പുചിറ ശ്മശാന നവീകരണത്തിന് **10,00,000** (പത്ത് ലക്ഷം) രൂപയും വകയിരുത്തുന്നതുൾപ്പടെ ഈ മേഖലക്കായി **65,00,000 (അറുപത്തിയഞ്ച് ലക്ഷം)** രൂപ വകയിരുത്തുന്നു.

കാലാവസ്ഥാ വ്യതിയാനം- ദുരന്തനിവാരണം

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ ചെറുക്കുന്നതിനും ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുമായി ബ്ലോക്ക് തല ദുരന്തനിവാരണ സേന രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നടക്കാതെ പോയി. ജില്ല ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് വരും വർഷത്തിൽ സേന രൂപീകരണവും പരിശീലനവും നടത്തും. ഇതിനായി **100000 (ഒരു ലക്ഷം)** രൂപ വകയിരുത്തുന്നു.

അടിസ്ഥാന സൌകര്യ വികസനം

ഗ്രാമീണ മേഖലയുടെ വികസനത്തിന് നിർണ്ണായക ഘടകമാണ് അടിസ്ഥാന പശ്ചാത്തല സൌകര്യങ്ങളുടെ വികസനം പ്രത്യേകിച്ചും റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും **60,00,000(അറുപത് ലക്ഷം)** രൂപ റോഡുകളുടെ പാലങ്ങളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തുന്നു. 2023 - 24 വാർഷിക പദ്ധതിയുടെ സ്പിൽ ഓവർ ബാധ്യതകൾക്കായി 38,00,000 (മുപ്പത്തിയെട്ട് ലക്ഷം) രൂപ നീക്കി വയ്ക്കുന്നു. എം.പി മാരുടെയും എം.എൽ.എ മാരുടെയും പ്രാദേശിക വികസന

ഫണ്ട്, ഫ്ലഡ് റിലീഫ് ഫണ്ട് എന്നിവയിൽ നിന്ന് **84,00,000** (എൺപത്തി നാല് ലക്ഷം) രൂപ വരും വർഷത്തിൽ ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ഘടക സ്ഥാപനങ്ങളുടെ ആസ്തി നിർമ്മാണവും സംരക്ഷണവും ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം എന്നിവ ചെയ്യേണ്ടതുണ്ട്. ബ്ലോക്ക് ഓഫീസിലെ മീറ്റിംഗുകൾ നടത്തുന്നതിനുള്ള ഒരു ഓഡിറ്റോറിയത്തിന്റെ അഭാവം കാലാകാലങ്ങളായി നിലനിന്നിരുന്നതിന് പരിഹാരം കണ്ടെത്താൻ നടപ്പു വർഷത്തിൽ നമുക്ക് കഴിഞ്ഞു. 200 പേർക്ക് ഇരിക്കാവുന്ന അത്യാവശ്യ സൌകര്യങ്ങളോടു കൂടിയ പുതിയ ഓഡിറ്റോറിയം പുതുവർഷത്തിൽ നാം ഉദ്ഘാടനം ചെയ്തു. എന്നാൽ ഇനിയും സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പുതിയതായി നിർമ്മിച്ച ഈ ഓഡിറ്റോറിയത്തിനോട് ചേർന്ന് അനുബന്ധ സൌകര്യങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനുമായി **30,00,000** (മുപ്പത് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. ആയതിന് DPR തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>യുവജനക്ഷേമം- കലാകായികം- സംസ്ക്കാരം</u>

കേരളസർക്കാർ നടത്തുന്ന ഏറ്റവും ബൃഹത്തായ യുവജന മത്സരമായ കേരളോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്തിനു സാധിച്ചു എന്നത് അഭിമാനകരമാണ്. ബഡ്ജറ്റ് വർഷത്തിലും യുവജനക്ഷേമ ബോർഡിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് പുറമേ **1,50,000** (ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു. കൂടാതെ ലൈബ്രറി കൌൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് സഹായം നൽകുന്നതിനായി **5,00,000** (അഞ്ച് ലക്ഷം) രൂപയും പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ മഹാത്മജി ലൈബ്രറി ഹാൾ പുനരുദ്ധാരണത്തിനായി **7,00,000** (ഏഴ് ലക്ഷം) രൂപയും വകയിരുത്തുന്നു.

തുടർ സാക്ഷരതാ പദ്ധതി മികവാർന്ന രീതിയിൽ നടത്തുന്നതിന് ആലോചിക്കുന്നു. തൊഴിലുറപ്പ് പദ്ധതി മേറ്റുമാരുടെ യോഗ്യതയിലും വേതനത്തിലും വർദ്ധനവ് വന്ന സാഹചര്യത്തിൽ മുൻകാലങ്ങളിൽ മാതൃകാപരമായി മേറ്റ് മാരുടെ ജോലികൾ ചെയ്തിരുന്ന പലർക്കും നിലവിൽ അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഇവർക്ക് പത്താംതരം തുല്യതാ പരീക്ഷ എഴുതുന്നതിന് അവസരം നൽകുന്നതിനായി തുടർസാക്ഷരതാ പദ്ധതി കാര്യക്ഷമമാക്കുന്നതിന് ശ്രമിക്കും. ഇതിലെ പഠിതാക്കൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി **1,00,000** (ഒരു ലക്ഷം) രൂപ വകയിരുത്തുന്നതടക്കം ഈ മേഖലയിൽ **14,50,000** (പതിനാല് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു.

പ്രാദേശിക സാമ്പത്തിക വികസനം, വ്യവസായം, പരമ്പരാഗത തൊഴിലുകൾ

എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന് രീതിയിൽ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലും വരുമാനവും ഉറപ്പാക്കി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം നൽകുന്നത്. ഇതിന്റെ ചുവടു പിടിച്ച് 11 തൊഴിൽ സംരംഭങ്ങൾ ബ്ലോക്ക് പരിധിയിൽ ആരംഭിക്കുന്നതിന് ശ്രമിക്കും. ഇതിനായി **37,50,000** (മുപ്പത്തിയേഴ് ലക്ഷത്തി അൻപതിനായിരം) ഈ വിഭാഗത്തിൽ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിരുന്ന പുരുഷ സ്വയം സഹായ സംഘങ്ങൾ ഉൾപ്പടെയുള്ള 300 ൽ പരം സ്വയം സഹായ സംഘങ്ങളിൽ വളരെ കുറച്ചു എണ്ണം മാത്രമേ പ്രവർത്തനങ്ങൾ നടത്തുന്നതായി കാണുന്നുള്ളൂ. രജിസ്റ്റർ ചെയ്ത മുഴുവൻ സംഘങ്ങളെയും വീണ്ടും പ്രവർത്തി പഥത്തിലെത്തിച്ച് നിലവിലെ മാന്ദ്യത അവസാനിപ്പിക്കുകയും ബ്ലോക്ക് പഞ്ചായത്ത് തുടക്കം കുറിച്ച 'ഐഡിയ ഹാർമോണിക്സ് ' പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പരിശീലനം നൽകി തൊഴിൽ പരിപോഷണത്തിനായി ശ്രമിക്കും. ഇതിന്റെ സംഘടനാ പ്രവർത്തനങ്ങൾക്കായി **3,00,000** (മൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സാധാരണക്കാരായ കുടുംബങ്ങളുടെ ജീവിതത്തിൽ സാമ്പത്തിക ഭദ്രത ഉണ്ടാക്കുന്നതിനും ഉപജീവന ഉപാധികൾ സൃഷ്ടിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം പദ്ധതിയുടെ ലക്ഷ്യത്തിൽ സൂചിപ്പിക്കുന്നതു പോലെ വ്യക്തിഗതവും സാമൂഹികവുമായ ആസ്തി നിർമ്മിക്കുന്ന കാര്യത്തിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആകെ രജിസ്റ്റർ ചെയ്തിരിക്കുന്ന 12788 കുടുംബങ്ങളിലായി 15711 തൊഴിലാളികൾ ഉണ്ടെങ്കിലും ആക്ടീവ് തൊഴിലാളികൾ 7449 ആണ്. ഇതിൽ സ്ഥിരമായി ജോലിക്കിറങ്ങുന്നവർ കഴിഞ്ഞ വർഷം 4522 ആയിരുന്നത് ഈ വർഷം 3856 ആണ്. 109 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ നൽകാൻ സാധ്യതയുണ്ടെങ്കിലും 33 കുടുംബങ്ങൾ മാത്രമാണ് തൊഴിലിനിറങ്ങുന്നത്.

നടപ്പു വർഷം 234847 തൊഴിൽദിനങ്ങളിലായി 7,79,69,204 രൂപ കൂലിയിനത്തിൽ നൽകാൻ നാളിതു വരെ കഴിഞ്ഞിട്ടുണ്ട്. ആസ്തി നിർമ്മാണവും ഇനത്തിൽ മെറ്റീരിയൽ ഫണ്ടായി 1,14,56,328/- രൂപയും ഇതിനോടകം ലഭിച്ചു കഴിഞ്ഞു.

2024- 25 വർഷത്തിൽ 2,60,000 തൊഴിൽ ദിനങ്ങളിലായി **8,65,80,000** (എട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപതിനായിരം) രൂപ കൂലിയിനത്തിലും ഇതിന്റെ 40% തുകയായ **3,46,32,000** (മൂന്ന് കോടി നാൽപ്പത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരം

തുക മെറ്റീരിയൽ ഫണ്ട് ഇനത്തിലും ആകെ ചെലവിൻറെ 10% തുകയായ **1,21,21,200** (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്) രൂപ ഗ്രാമീണ അടിസ്ഥാന സൌകര്യ നിർമ്മാണത്തിനും ഉൾപ്പടെ **13,33,33,200/-** (പതിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്) രൂപ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെലവഴിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മെറ്റീരിയൽ ഫണ്ട് ഇനത്തിൽ 63,01,501 (അറുപത്തിമൂന്ന് ലക്ഷത്തി ആയിരത്തി അഞ്ഞൂറ്റി ഒന്ന്)

കൂടാതെ ആക്ടീവ് ആയ മുഴുവൻ തൊഴിലാളികൾക്കും 100 ദിവസം തൊഴിൽ നൽകുന്നതിനും പട്ടികവർഗ്ഗത്തിലെ സന്നദ്ധരായ മുഴുവൻ കുടുംബങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ ട്രൈബൽ പ്ലസ് അനുകൂല്യമായ 200 ദിവസത്തെ തൊഴിൽ നൽകുന്നതിനും വരും വർഷം പരമാവധി ശ്രമിക്കുന്നതാണ്. 100 ദിവസം പൂർത്തികരിച്ച കുടുംബത്തിലെ 18 - 45 നും ഇടയിൽ പ്രായമുള്ളവർക്ക് നടത്തുന്ന ഉന്നതി - തൊഴിൽ പരിശീലനത്തിൽ 16 പേരെ പങ്കെടുപ്പിച്ചും സൌജന്യ പരിശീലനവും 1,22,544 രൂപ സ്റ്റൈഫന്റ് ഇനത്തിലും ലഭിക്കുകയുണ്ടായി. വരും വർഷങ്ങളിൽ പരിശീലനത്തിനായി 100 പേരെ പങ്കെടുപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തും.

കോവിഡ് മഹാമാരിയെ തുടർന്ന് ഉപജീവന ഉപാധികൾ നഷ്ടപ്പെട്ടവർക്കു വേണ്ടി MGNREGS ലൂടെ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കന്നുകാലിക്കൂട് നിർമ്മാണം, ആട്ടിൻക്കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, അസോള ടാങ്ക്, ഫാംപോണ്ട് എന്നിവ ഒരു പഞ്ചായത്തിൽ 20 എന്ന ക്രമത്തിൽ നടപ്പിലാക്കുന്നതിന് ശ്രമിക്കും. പനച്ചിക്കാട് വാർഡ് 21 പൂവന്തുരുത്ത് ലക്ഷംവീട് കോളനിയിൽ കളിസ്ഥലം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കും.

കേരള സർക്കാർ വലിയ പ്രാധാന്യത്തോടെ നടപ്പിലാക്കുന്ന മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി ഓരോ വീട്ടിലും ശാസ്ത്രീയ മാലിന്യ സംരക്ഷണ സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു വർഷത്തിൽ 2000 സോക്ക് പിറ്റുകളും, 1000 കമ്പോസ്റ്റ് പിറ്റുകളും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ശ്രമിക്കും.

<u>ഫ്രണ്ട് ഓഫീസ്</u>

ബ്ലോക്കിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ നൽകുന്നതിനുള്ള ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.കെ.എം ന് വിഹിതം, ഐ.എസ്.ഒ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി **1,50,000** (ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു. ഫ്രണ്ട് ഓഫിസ് സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഓഫിസ് അങ്കണം വൃത്തിയും മോടിയും ഉള്ളതാക്കി ഹൃദ്യമാക്കുന്നതിനായി ഉദ്യാനം നിർമ്മിക്കുന്നതിന് **5,00,000** (അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു

പ്രിയമുള്ളവരേ,

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക വികസന രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്തു തീർക്കുവാനുണ്ട്. സ്വന്തമായി സാമ്പത്തിക സ്രോതസ് ഇല്ലാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് ബ്ലോക്ക് പഞ്ചായത്ത് എന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടുകൾ കേന്ദ്ര- സംസ്ഥാന സർക്കാറുകളുടെ ഗ്രാന്റിൽ നിന്നും മറ്റു ഡിപ്പാർട്ടുമെന്റൽ ഫണ്ടുകളിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. പ്രസ്തുത ഫണ്ടുകൾ നിബന്ധനകൾക്ക് വിധേയമായി ലഭ്യമാകുന്നു എന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനതായ ആശയങ്ങൾക്കനുസരിച്ച് പദ്ധതി സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ട്. എന്നിരുന്നാലും വിവിധ മേഖലകളിൽ നിന്നും ലഭ്യമായ ഫണ്ടുകളുപയോഗിച്ച് ബഡ്ജറ്റ് വർഷത്തിൽ എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

24,13,74,839 (ഇരുപത്തിനാല് കോടി പതിമൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത്) രൂപ വരവും, **23,98,82,501** (ഇരുപത്തിമൂന്ന് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി അഞ്ഞൂറ്റി ഒന്ന്) രൂപ ചെലവും , **14,92,338** (പതിനാലു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മൂന്നൂറ്റി മുപ്പത്തിയെട്ട്) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് ചർച്ച ചെയ്ത് പൂർണ്ണതയിലേക്ക് എത്തിക്കുന്നതിനായി ഓരോരുത്തരുടെയും വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതോടൊപ്പം ഇനി വരുന്ന ബഡ്ജറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയ്ക്ക് നിർലോഭമായ സഹകരണം പ്രതീക്ഷിച്ചു കൊണ്ടും ഈ ബഡ്ജറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും മറ്റ് ജനപ്രതിനിധികൾക്കും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്കിന്റെ വികസനത്തിന് കൃത്യമായ ദിശാബോധം നൽകി ഒപ്പം നിൽക്കുന്ന ആസൂത്രണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ അടക്കം ഉള്ള സുഹൃത്തുക്കൾ എന്നിവർക്കും സർവ്വോപരി വികസന ഫണ്ടിൽ നിന്നും നല്ല തുക ബ്ലോക്ക് പ്രദേശത്ത് വിനിയോഗിച്ച പാർലമെന്റ് , നിയമസഭ അംഗങ്ങൾക്കും നിസീമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ബഡ്ജറ്റ് പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

(ഒപ്പ്)
രജനി അനിൽ
വൈസ് പ്രസിഡന്റ്
പള്ളം ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2024 -25

ക്രമ നമ്പർ	വിവരണം	ബഡ്ജറ്റ് 2024 -25
1	ആകെ വരവ്	241374839
2	ആകെ ചിലവ്	239882501
3	നീക്കി ബാക്കി	1492338

2024 -25 ബഡ്ജറ്റ് - പദ്ധതി സംഗ്രഹം		
ക്രമനമ്പർ	വിവരണം	ചിലവ് തുക
1	പെട്ടി - പറ, പമ്പ് സെറ്റ് , മഞ്ഞൾക്കൃഷി, ഇടവിളക്കൃഷി	20,00,000
2	നെൽകൃഷി കൂലിചെലവ്	10,00,000
3	കൃഷി ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ	42,00,000
4	നാളികേര കൃഷി	1,00,000
5	കാലിതീറ്റ	12,00,000
6	എ.ബി.സി പ്രോഗാം	20,00,000
7	ഹോമിയോ ആശുപത്രിയിൽ കുടിവെള്ളക്ഷാമം- കുളം നിർമ്മാണം, റീചാർജ്	20,00,000
8	അയർക്കുന്നം കുടിവെള്ള പദ്ധതി	7,00,000
9	വിജയപുരം കുടിവെള്ള പദ്ധതി	5,00,000
10	പുന്നയ്ക്കൽ- മലയാറ്റുംകുന്നുംപുറം കുടിവെള്ളപദ്ധതി	10,00,000
11	ബ്ലോക്ക് ഓഫീസിൽ നിലവിലെ കുടിവെള്ള ശേഖരണ സംവിധാനം	1,00,000
12	സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ	13,00,000
13	നവോദയ സ്കൂൾ കോംപൌണ്ടിൽ ടൊയ് ലറ്റ്, മാങ്ങാനം എൽ.പി.സ്കൂളിൽ ടൊയ് ലറ്റ്	17,00,000
14	സ്കൂളുകളിൽ ഷി-പാഡ്	2,52,000
15	ആശുപത്രികളിൽ ബയോമെഡിക്കൽ മാനേജ് മെൻറ്	1,70,000
16	ലൈഫ് ഉൾപ്പെടെയുള്ള പാർപ്പിട മേഖല	1,08,26,000
17	മരുന്ന് വാങ്ങൽ, ലാബ് ശാക്തീകരണം	63,00,000
18	ഫാർമസിസ്റ്റിന് വേതനം	11,00,000
19	പാലിയേറ്റിവ് പരിചരണം, വയോമിത്രം	20,00,000
20	ഊർജ സംരക്ഷണം, സോളാർ പാനൽ	50,00,000
21	ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്	20,00,000
22	അംഗൻവാടി നിർമ്മാണം	48,00,000
23	അംഗൻവാടി പുനരുദ്ധാരണം	15,00,000
24	അംഗൻവാടി കുട്ടികൾക്ക കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ	5,00,000
25	ഭിന്നശേഷി കലോൽസവം, വന്നിതോത്സവം	5,00,000

ക്രമനമ്പർ	വിവരണം	ചിലവ് തുക
26	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	26,00,000
27	പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിടം നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ	9,00,000
28	പനച്ചിക്കാട് -കുഴിക്കാട്ട് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം	7,00,000
29	കൊശമറ്റം കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം	7,00,000
30	ചെമ്പുചിറ ശ്മശാന നവീകരണം	10,00,000
31	ബ്ലോക്ക് തല ദുരന്തനിവാരണ സേനരൂപീകരണവും പരിശീലനവും	1,00,000
32	റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും	60,00,000
33	എം.പി മാരുടെയും എം.എൽ.എ മാരുടെയും പ്രാദേശിക വികസന ഫണ്ട്, ഫുഡ് റിലീഫ് ഫണ്ട്	84,00,000
34	ഘടക സ്ഥാപനങ്ങളുടെ ആസ്തി നിർമ്മാണവും സംരക്ഷണവും ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം	30,00,000
35	കേരളോത്സവം	1,50,000
36	ലൈബ്രറികൾക്ക് സഹായം	12,00,000
37	തുടർ സാക്ഷരതാ പദ്ധതി	1,00,000
38	തൊഴിൽ സംരംഭങ്ങൾ -തൊഴിൽ അവസരങ്ങൾ	37,50,000
39	'ഐഡിയ ഹാർമോണിക്സ് ' സംഘടനാ പ്രവർത്തനങ്ങൾ	3,00,000
40	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	13,33,33,200
41	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ ഫണ്ട് വരവ്	63,01,501
42	ഐ.കെ.എം ന് വിഹിതം, ഐ.എസ്.ഒ പ്രവർത്തനങ്ങൾ	1,50,000
43	ഓഫീസ് അങ്കണം വൃത്തിയും മോടിയും ഉള്ളതാക്കി ഹൃദ്യമാക്കുന്നതിനായി ഉദ്യാനം	5,00,000
44	മറ്റ് പദ്ധതി ചിലവുകൾ	30,00,000
45	പദ്ധതിക്കായുള്ള തനത് ഫണ്ട് വിഹിതം	11,79,300
46	2023 - 24 സ്പിൽ ഓവർ ബാധ്യത	60,00,000
47	ഓഫീസ് ചിലവുകൾക്കായുള്ള തനത് ഫണ്ട് വിഹിതം	77,70,500
	ആകെ വരവ്	**24,13,74,839**
	ആകെ ചിലവ്	**23,98,82,501**
	നീക്കി ബാക്കി	**14,92,338**

ബഡ്ജറ്റ് 2024 -25

ക്രമനമ്പർ	വിവരണം	2022 -23 വർഷത്തെ യഥാർത്ഥ കണക്ക്	2023 -24 ലെ പരിഷ്കരിച്ച ബഡ്ജറ്റ്	ബഡ്ജറ്റ് 2024 -25
1	പ്രാരംഭ ബാക്കി	45,34,583	12,82,238	10,36,838
2	നികുതി വരുമാനം	0	0	0
3	നികുതിയേതര വരുമാനം	2,33,498	2,46,600	3,09,000
4	ആകെ തനത് ഫണ്ട്	2,33,498	2,46,600	3,09,000
5	ജനറൽ പർപ്പസ് ഫണ്ട്	63,12,000	70,69,000	79,17,000
6	ആകെ	65,45,498	73,15,600	82,26,000
7	മറ്റ് റവന്യൂ ഗ്രാൻറുകൾ - പദ്ധതി ചെലവുകൾക്ക്	19,96,94,457	19,96,79,510	22,35,35,301
8	മറ്റ് റവന്യൂ ഗ്രാൻറുകൾ - പദ്ധതി ഇതര ചെലവുകൾക്ക്	10,00,000	17,57,000	19,32,700
9	**ആകെ റവന്യൂ വരവുകൾ (Row7+Row8)**	**20,06,94,457**	**20,14,36,510**	**22,54,68,001**
10	മൂലധന Grant വരവ്	69,02,172	75,30,000	66,44,000
12	ആകെ മൂലധന വരവുകൾ	69,02,172	75,30,000	66,44,000
13	**ആകെ വരവുകൾ (Row 6 + Row 9 + Row 12)**	**20,75,96,629**	**21,62,82,110**	**24,03,38,001**
14	**ആകെ വരവുകളും പ്രാരംഭ ബാക്കിയും (Row 13 + Row 1)**	**21,21,31,212**	**21,75,64,348**	**24,13,74,839**
15	റവന്യൂ ചെലവുകൾ അനിവാര്യ ചുമതലകൾക്ക്	55,52,510	72,50,000	77,70,500
16	റവന്യൂ ഗ്രാൻറുകളിൽ നിന്നുള്ള പദ്ധതി ചെലവുകൾ	19,54,73,512	20,17,14,941	22,68,57,301
17	റവന്യൂ ഗ്രാൻറുകളിൽ നിന്നുള്ള പദ്ധതിയിതര ചെലവുകൾ	10,00,000	17,57,000	19,32,700
18	**ആകെ റവന്യൂ ചെലവുകൾ (Row15+Row 16 +Row17)**	**20,20,26,022**	**21,07,21,941**	**23,65,60,501**
19	മൂലധന ചെലവുകൾ	45,97,170	55,55,569	33,22,000
21	**ആകെ മൂലധന ചെലവുകൾ**	**45,97,170**	**55,55,569**	**33,22,000**
22	**ആകെ ചെലവുകൾ (Row 21 + Row 18)**	**20,66,23,192**	**21,62,77,510**	**23,98,82,501**
23	നീക്കിബാക്കി	55,08,020	12,86,838	14,92,338

24	നികുതി ഇതര വരവുകൾ			
ക്രമനമ്പർ	വിവരണം	2022 -23 വർഷത്തെ യഥാർത്ഥ കണക്ക്	2023 -24 ലെ പരിഷ്കരിച്ച ബഡ്ജറ്റ്	ബഡ്ജറ്റ് 2024 -25
25	സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക/ Amenity Charge	11,857	44,600	50,000
26	Penalty, ഫൈൻ	38,247	12,000	50,000
27	ടെൻഡർ ഫോറം വില	1,53,594	50,000	55,000
28	ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപ്പന	0	1,00,000	1,10,000
29	ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	29,800	30,000	33,000
30	മറ്റ് വരവുകൾ	0	10,000	11,000
31	**ആകെ നികുതി ഇതര വരവുകൾ**	**2,33,498**	**2,46,600**	**3,09,000**
32	ജനറൽ പർപ്പസ് ഫണ്ട്	63,12,000	70,69,000	79,17,000
33	പദ്ധതി ചെലവുകൾക്ക് വേണ്ടിയുള്ള ഗ്രാന്റ് ഫണ്ട് / വിഹിതം -റവന്യൂ വരവുകൾ			
34	സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം	4,50,000	0	5,00,000
35	കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും	12,41,25,000	12,18,74,000	14,08,34,301
36	വികസന ഫണ്ട് പൊതുവിഭാഗം	2,56,59,000	2,52,65,000	2,57,89,000
37	വികസന ഫണ്ട് പട്ടികജാതി ഘടക പദ്ധതി	1,22,10,000	1,22,10,000	1,22,10,000
38	വികസന ഫണ്ട് പട്ടികവർഗ്ഗ ഘടക പദ്ധതി	3,26,000	3,26,000	3,26,000
39	വികസന ഫണ്ട് കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്	42,58,457	50,19,600	44,29,000
40	റോഡിതര ആസ്തികൾ	75,05,000	2,73,20,000	3,09,47,000
41	എം.പി. എം.എൽ.എ. ഫണ്ട്, കോരളോത്സവം	2,41,00,000	75,64,910	84,00,000
42	ഗുണഭോക്തൃ വിഹിതം	61,000	0	0
43	സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	10,00,000	1,00,000	1,00,000
44	അനിവാര്യ ചുമതലകൾക്കുവേണ്ടിയുള്ള വകയിരുത്തലുകൾ			
45	കൂലി	5,54,560	6,00,000	6,60,000
46	യാത്ര ബത്ത	14,583	75,000	82,500
48	ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	15,18,335	15,50,000	16,50,000
49	ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	1,38,300	1,40,000	1,54,000
50	ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത	26,160	75,000	1,00,000
51	**ആകെ ചെലവുകൾ**	**22,51,938**	**24,40,000**	**26,46,500**

52	തരണ ചിലവുകൾ			
ക്രമനമ്പർ	വിവരണം	2022 -23 വർഷത്തെ യഥാർത്ഥ കണക്ക്	2023 -24 ലെ പരിഷ്കരിച്ച ബഡ്ജറ്റ്	ബഡ്ജറ്റ് 2024 -25
53	വാഹന വാടക	0	4,32,000	4,50,000
54	മറ്റ് ചെലവുകൾ	10,07,341	10,50,000	7,00,000
55	ഓഫീസ് ചെലവുകൾ	6,00,358	7,00,000	10,00,000
56	ടെലഫോൺ ചാർജ്ജ്, ഇൻറർനെറ്റ്, സി.യു.ജി ബില്ല്	35,043	40,000	44,000
57	കറണ്ട് ചാർജ്ജ്	1,18,008	1,50,000	2,00,000
58	തപാൽ സ്റ്റാമ്പ്	4,000	6,500	7,000
59	പ്രിൻറിംഗ് ചാർജ്ജ്	35,335	80,000	1,00,000
60	സ്റ്റേഷനറി	69,297	95,000	1,00,000
61	റിഫ്രഷ്മെൻറ്	1,40,432	2,00,000	2,20,000
62	പത്രപരസ്യം	55,908	1,00,000	1,00,000
63	വരിസംഖ്യ പത്രം	1,687	6,500	3,000
64	**ആകെ ചെലവുകൾ**	**20,67,409**	**28,60,000**	**29,24,000**
65	സംരക്ഷണവും നടത്തിപ്പും			
66	ഇന്ധന ചെലവ്	2,80,385	3,00,000	3,00,000
67	വാഹനത്തിന്റെ റിപ്പയർ, മെയിൻറനൻസ്	97,174	1,50,000	3,00,000
68	മറ്റ് നടത്തിപ്പ് മെയിൻറനൻസ്	8,55,604	15,00,000	16,00,000
69	ആകെ ചെലവുകൾ	12,33,163	19,50,000	22,00,000
70	**അനിവാര്യ ചെലവുകൾ ആകെ (Row 51 +Row 64 +Row 69)**	**55,52,510**	**72,50,000**	**77,70,500**
71	മേഖല തിരിച്ചുള്ള കണക്കുകൾ			
72	ഉത്പാദന മേഖല	51,48,480	61,58,160	60,63,600
73	പശ്ചാത്തല മേഖല	77,14,000	88,92,600	88,13,800
74	സേവന മേഖല	1,65,77,920	1,93,83,440	2,96,36,600
75	ഐ കെ എം-ന് വിഹിതം നൽകൽ	47,470	43,341	43,341
76	മെയിൻറനൻസ് പ്രോജക്ടുകൾ	65,36,000	2,73,20,000	2,73,20,000

പഞ്ചായത്ത് പ്രത്യേകത പ്രമേയം

Consolidation Report 2023-2024

ക്രമ നമ്പർ		വിവരം		കുടുംബങ്ങളുടെ എണ്ണം	വിവരം പ്രകാരം						മൊത്തം ലഭ്യത	സംസ്ഥാനം നിശ്ചയിച്ചത്	ലഭ്യമായത്	ചെലവ്			ബാക്കി		
					പൊതുവിഭാഗം പട്ടികജാതി	എസ്.സി.പി	ടി.എസ്.പി	നഗരപ്രദേശങ്ങളിലെ അധിക തൊഴിൽ	ജനറൽ തൊഴിൽ	പ്രത്യേക ഉദ്ദേശം							തുക	തൊഴിൽ ദിനങ്ങൾ		
(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
1		പൊതുവിഭാഗം ആകെ	സ്ത്രീകൾ	15	870503 297753	0 0	0 0	80300 0	0 0	0 0	0 0	0 0	659881 82424	113919 35861	0 0	0 0	0 0	1075000 397000	1750000 2	13804312 3823572
2		പൊതുവിഭാഗം ആകെ	സ്ത്രീകൾ	125	14036712 4779085	0 0	0 0	6957592 1932340	0 0	0 0	0 0	0 0	338823 69981	1050000 0	0 0	1572000 0	0 0	17321536 7549836	200000 0	47850843 19942347
3		പൊതുവിഭാഗം ആകെ	സ്ത്രീകൾ	19	3813496 560000	0 0	0 0	2382522 652138	0 0	0 0	0 0	0 0	894775 266316	0 0	0 0	0 0	0 0	3400000 84712	0 0	10430793 1503588
4		പട്ടികജാതി വിഭാഗം ആകെ	സ്ത്രീകൾ	1	0 0	800000 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	800000 0
5		പട്ടികജാതി വിഭാഗം ആകെ	സ്ത്രീകൾ	10	0 0	564393 1244319	0 0	0 0	0 0	0 0	0 0	0 0	397674 47673	1784000 0	0 0	2450000 0	0 0	0 0	7900 0	10003167 1291992
6		പട്ടികവർഗ്ഗ വിഭാഗം ആകെ	സ്ത്രീകൾ	4	0 0	2035919 146089	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	2035919 146089
7		പട്ടിക വർഗ്ഗ വിഭാഗം ആകെ	സ്ത്രീകൾ	1	0 0	0 0	324000 63117	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	0 0	324000 63117
		ആകെ		156	24677710 13248617	8499912 1390488	326000 63117	10149114 2574683	0 0	0 0	0 0	0 0	5221153 1105688	3966429 338616	0 0	4022000 0	0 0	21796536 8031568	1957500 0	85550654 26772697

പദ്ധതി പ്രകാരമുള്ള പട്ടിക

Approved Projects FundWise Report 2023-2024

ക്രമ നമ്പർ	വാർഡ് നമ്പർ	പദ്ധതിയുടെ പേര്			വിഹിതം പണത്തിൽ						മെയിന്റനൻസ് ഗ്രാന്റ്		മൊത്തം പണത്തിൽ				തൊഴിലാളികൾക്ക്		മൊത്തം	മൊത്തം തുക
					പൊതുവിഭാഗം ഗുണഭോക്തൃ വിഹിതം	എസ്.സി.പി	ടി.എസ്.പി	പൊതു ഫണ്ടിന്റെ ബാലൻസ്	ഫാലൻസിന്റെ ബാലൻസ്	പുതിയ ഇനങ്ങൾ	മെയിന്റനൻസ് ഗ്രാന്റ്	സർവ്വീസ് ചാർജ്ജ്	മെയിന്റനൻസ് ഗ്രാന്റ്	എസ്.സി.പി പണത്തിൽ	ടി.എസ്.പി പണത്തിൽ	മറ്റ് വിഭാഗങ്ങൾ പണത്തിൽ	മെയിന്റനൻസ് ഗ്രാന്റ്	സർവ്വീസ് ചാർജ്ജ്		
(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
		പൊതുവിഭാഗം																		
		മുന്നാം																		
1	8	കണ്ടാട് വാർഡ് വ്യൂപോയിന്റ് സൗന്ദര്യവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതി നടപ്പാക്കൽ	New	പുതിയ പദ്ധതികൾ	1524009	0	0	0	0	0	0	0	0	0	0	0	0	0	0	1524009
2	19	കാപ്പിത്തറ സംരക്ഷിക്കൽ	New		261400	0	0	138600	0	0	0	0	0	0	0	1000000	0	0	1600000	3200000
3	22	പരിധം തെരുവിന് പേര് കിടിലിയിലേക്ക് മാറ്റി പണിയൽ	New		0	0	0	0	0	0	0	0	0	0	0	0	0	300000	0	300000
4	37	പരിധം തെരുവിന് പേര് കിടിലിയിലേക്ക് പുതിയ തരത്തിലുള്ള റൂഫിങ് ഷീറ്റ് പണിയൽ പദ്ധതി	New		0	0	0	0	0	0	0	0	0	0	0	0	0	900000	0	500000
5	60	കാപ്പിത്തറ വിതരണം	New		0	0	0	683000	0	0	0	0	0	0	0	0	0	0	683000	1366000
6	79	പാലിശ്ശേരി പേ ടോയ്ലറ്റ് കെട്ടിടം	New		550000	0	0	0	0	0	0	0	0	0	0	0	0	0	550000	1100000
7	100	കരിം വിതരണം ചെയ്തു കൊണ്ടിരിക്കുന്നു	New		1100000	0	0	0	0	0	0	0	0	0	0	0	0	0	0	1100000
8	118	പാലമുണ്ട് - വാഴ	New		300000	0	0	0	0	0	100000	0	0	0	0	0	0	0	0	400000
9	121	കല്ലുമുണ്ട് പാലിയേറ്റീവ് പണിയൽ പദ്ധതി	New		2100000	0	0	0	0	0	0	0	0	0	0	0	0	0	0	2100000
10	132	കരിം കല്ലുമുണ്ട് ഉൾപ്പെടെ	New		1000000	0	0	0	0	0	0	0	0	0	0	0	0	0	0	1000000
11	145	എസ്റ്റേറ്റ് പുതുക്കാം കരിം പണിയൽ പദ്ധതി	SC		0	0	0	0	0	0	0	0	274881	1132929	0	0	0	0	0	1407810
12	146	കല്ലുമുണ്ട് പേര് കിടിലിയിലേക്ക് മാറ്റി പണിയൽ	SC		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
13	151	കിടി ഗ്രാമ പഞ്ചായത്തിലെ കരിം പഞ്ചായത്തിനെ കരിം കിടിലി പേര് നിർമ്മാണം	SC		400000	0	0	0	0	0	0	0	100000	0	0	0	0	0	56000	556000
14	161	കിടി പഞ്ചായത്തിലെ പാലിശ്ശേരി പഞ്ചായത്തിൽ കരിം പേര് നിർമ്മാണം	SC		400000	0	0	0	0	0	0	0	150000	0	0	0	0	0	61000	611000
15	168	കരിം കല്ലുമുണ്ട് പേര്	New		200000	0	0	200000	0	0	0	0	0	0	0	0	0	0	0	400000
16	186	ഇലിപ്പാടി കരിം നിന്ന് തെരുവുകൾ വിതരണം ചെയ്ത പഞ്ചായത്തിൽ ഉൾപ്പെടുത്തൽ	SC		0	0	0	0	0	0	0	0	400000	0	0	0	0	0	0	400000
17	192	കരിം വിതരണം ചെയ്തുകൊണ്ടിരിക്കുന്നു	New		1429493	0	0	0	0	0	0	0	0	0	0	0	0	0	0	1429493
18	220	കരിം കിടിലി പുതിയ പഞ്ചായത്തിന്റെ - ഉൾപ്പെടുത്തൽ പഞ്ചായത്തിൽ കരിം നിർമ്മാണം	New		0	0	0	0	0	0	0	0	135000	0	0	0	0	0	0	135000
19	227	പരിധം തെരുവിന് പേര് കിടിലിയിലേക്ക് തെരുവുകൾ മാറ്റിയെടുത്തൽ	New		0	0	0	0	0	0	0	0	0	0	0	0	0	75000	0	75000

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
					9366902	0	0	1219600	0	0	109000	0	1059881	1132929	0	1000000	0	1075000	2950000	17804312
20	1		New		53590	0	0	0	0	0	0	0	0	0	0	0	0	0	0	53590
21			New		0	0	0	0	0	0	0	0	150000	0	0	0	0	0	0	150000
22	3		New		274000	0	0	0	0	0	0	0	1400	0	0	0	0	0	0	275400
23	4		New		0	0	0	200000	0	0	0	0	0	0	0	0	0	0	0	200000
24	7		New		0	0	0	796940	0	0	0	0	1060	0	0	0	0	0	0	798000
25	11		New		300000	0	0	0	0	0	0	0	190000	0	0	0	0	0	0	490000
26	12		New		0	0	0	0	0	0	0	0	200000	0	0	0	0	0	0	200000
27	13		New	outer ring road	130000	0	0	0	0	0	0	0	0	0	0	0	0	0	0	130000
28	14		New		274000	0	0	0	0	0	0	0	0	0	0	0	0	0	0	274000
29	15		New		0	0	0	0	0	0	0	0	0	0	0	0	0	225000	0	225000
30	17		New		0	0	0	0	0	0	0	0	0	0	0	0	0	80000	0	80000
31	19		New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
32	20		New		100000	0	0	0	0	0	0	0	100000	0	0	0	0	0	0	200000
33	21		New		274000	0	0	0	0	0	0	0	1400	0	0	0	0	0	0	275400
34	23		New		0	0	0	0	0	0	0	0	0	0	0	0	0	250000	0	250000
35	24		New		0	0	0	0	0	0	0	0	0	0	0	0	0	150000	0	150000
36	25		New		0	0	0	0	0	0	0	0	0	0	0	0	0	80000	0	80000
37	26		New		0	0	0	0	0	0	0	0	0	0	0	0	0	300000	0	300000
38	27		New		0	0	0	0	0	0	0	0	0	0	0	0	0	400000	0	400000
39	28		New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
40	29		New		5437000	0	0	0	0	0	0	0	0	0	0	0	0	0	0	5437000
41	32		New		1	0	0	0	0	0	0	0	0	1050000	0	1372000	0	0	0	3422001
42	34		New		0	0	0	0	0	0	0	0	100000	0	0	0	0	0	0	100000
43	35		New		100000	0	0	0	0	0	0	0	0	0	0	0	0	0	0	100000

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
61	70	സംഗീത പരിപാടി - ഉണ്ണികൃഷ്ണൻ മാസ്റ്റർ ഗുരുവിനെ	New	pensionerskal cash	0	0	0	0	0	0	0	0	100000	0	0	0	0	0	0	100000
62	71	പുതിയ ബസ്സിലേക്കായ ഡ്രൈവിംഗ്	New		0	0	0	0	0	0	0	0	0	0	0	0	0	60000	0	60000
63	72	ഓഫീസ് വിപുലമാക്കൽ	New		0	0	0	0	0	0	0	0	0	0	0	0	0	1000000	0	1000000
64	73	ഓഫീസിനും സി.എച്ച്.സി പരിധിയിലെയും ഗ്രൗണ്ടിലെ ഇന്റർലോക്ക് പാകൽ	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
65	74	സി.എച്ച്.സി ഓഫീസും ലാബിന് ഫർണിച്ചർ വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	300000	0	300000
66	80	ഫാമിലി കൗൺസിലിംഗ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന്	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
67	81	സി.എച്ച്.സി ഓഫീസും ആശുപത്രിയിലെ ലാബ് സജ്ജീകരണവും	New		0	0	0	0	0	0	0	0	0	0	0	0	0	250000	0	250000
68	82	സി.എച്ച്.സി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	1100000	0	1100000
69	83	സി.എച്ച്.സി സംരക്ഷണഭിത്തി നിർമ്മാണം	New		0	0	0	0	0	0	0	0	0	0	0	0	0	300000	0	300000
70	84	സി.എച്ച്.സി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	180000	0	180000
71	87	സി.എച്ച്.സി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
72	89	സി.എച്ച്.സി ഓഫീസിലേക്ക് കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലേക്ക് ഒരാളുടെ നിയമനം പ്രതീക്ഷിക്കുന്നു	New		0	0	0	0	0	0	0	0	0	0	0	0	0	1347991	0	1347991
73	90	ഓഫീസിന് ഇലക്ട്രോണിക് സൈൻബോർഡ്	New		0	0	0	0	0	0	0	0	0	0	0	0	0	550000	0	550000
74	92	കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട്	New		0	0	0	0	0	0	0	0	0	0	0	0	0	50000	0	50000
75	93	ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
76	96	സി.എച്ച്.സി ഓഫീസിലേക്ക് പിസിയും പെരിഫെറൽ ഉപകരണങ്ങളും വാങ്ങൽ	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
77	97	ആശുപത്രി പാർക്കിംഗ് ഏരിയയിലെ ഷെഡിനായുള്ള തുക വകയിരുത്തൽ	New		50000	0	0	0	0	0	0	0	0	0	0	0	0	0	0	50000
78	98	ഡി.ഇ.ഒ ഓഫീസിലേക്ക് പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള തുക	New		0	0	0	0	0	0	0	0	0	0	0	0	0	250000	0	250000
79	101	ആശുപത്രിയിലെ ഫാർമസി ഉപയോഗിക്കുന്നതിനായി കമ്പ്യൂട്ടർ വാങ്ങുന്നതിന്	New		0	0	0	40000	0	0	0	0	30000	0	0	0	0	0	0	70000
80	112	കണ്ണൂർ ജില്ലയിൽ 18 പേർക്ക് കോവിഡ് സ്ഥിരീകരിച്ച സാഹചര്യത്തിൽ	New		300000	0	0	306100	0	0	0	0	193900	0	0	0	0	0	0	700000
81	118	ആശുപത്രിയിലെ ഫർണിച്ചർ മാറ്റുന്നതിന് ആവശ്യമായ	New		100000	0	0	0	0	0	0	0	0	0	0	0	0	0	0	100000
82	126	ഡിജിറ്റൽ - ഡയഗ്നോസ്റ്റിക്സിനായുള്ള	New		0	0	0	0	0	0	0	0	0	0	0	0	0	0	0	190000
83	129	Day to Day Expenses എഴുതി	New		0	0	0	0	0	0	0	0	100000	0	0	0	0	0	0	100000

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)			
84	123		New		200000	0	0	0	0	0	0	0	0	0	0	0	0	0	0	200000			
85	124		New		100000	0	0	0	0	0	0	0	200000	0	0	0	0	0	0	300000			
86	125		New		2000000	0	0	0	0	0	0	0	0	0	0	0	0	0	0	2000000			
87	126		New		0	0	0	0	0	0	0	0	0	0	0	0	40000	0	0	40000			
88	139		New		0	0	0	0	0	0	0	0	50000	0	0	0	0	0	0	50000			
89	141		New		0	0	0	0	0	0	0	0	0	0	0	0	50000	0	0	50000			
90	142		New		0	0	0	0	0	0	0	0	0	0	0	0	50000	0	0	50000			
91	153		SO		0	0	0	0	0	0	0	0	624188	0	0	0	0	0	0	624188			
92	154		SO		0	0	0	560358	0	0	0	0	0	0	0	0	0	0	0	560358			
93	155		SO		0	0	0	160754	0	0	0	0	0	0	0	0	0	0	0	160754			
94	158		SO		0	0	0	125804	0	0	0	0	4500	0	0	0	0	0	0	330304			
95	159		SO		0	0	0	699849	0	0	0	0	0	0	0	0	0	0	0	699849			
96	162		SO		0	0	0	700000	0	0	0	0	0	0	0	0	0	0	0	700000			
97	164		SO		75835	0	0	0	0	0	0	0	35000	0	0	0	0	0	0	102835			
98	165		SO		0	0	0	0	0	0	0	0	100000	0	0	0	0	0	0	100000			
99	166		SO		194000	0	0	0	0	0	0	0	0	0	0	0	0	0	0	194000			
100	168		SO	part	333	0	0	0	0	0	0	0	150000	0	0	0	0	0	0	150333			
101	170		New		0	0	0	0	0	0	0	0	177012	0	0	0	0	0	0	177012			
102	171		New		0	0	0	627500	0	0	0	0	0	0	0	0	0	0	0	627500			
103	172		New		300000	0	0	0	0	0	0	0	0	0	0	0	0	0	0	300000			
104	173		New		0	0	0	0	0	0	0	0	0	0	0	0	700000	0	0	700000			

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
102	104	CHC നല്ലേപ്പിള്ളിയുടെ കെട്ടിടത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
103	105	പാലക്കാട് ജില്ല	New	പാലക്കാട് ജില്ല പൊതു	1800000	0	0	0	0	0	0	0	0	0	0	0	0	0	0	1800000
104	106	ജില്ലയിലെ പൊതുജന ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങളിലെ AMC പുതുക്കൽ	New		0	0	0	0	0	0	0	0	100000	0	0	0	0	0	0	100000
105	107	ജില്ലയിലെ ലാബോറട്ടറി ടെസ്റ്റുകൾക്കുള്ള അടിയന്തിര സാധനങ്ങൾ വാങ്ങുന്നതിന്	SO		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
106	108	ആശ പ്രവർത്തനങ്ങൾ പ്രോത്സാഹനം	SO		0	0	0	510305	0	0	0	0	0	0	0	0	0	0	0	510305
107	109	ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ	SO		0	0	0	140084	0	0	0	0	0	0	0	0	0	0	0	140084
108	110	പാലിയേറ്റീവ് കെയർ പരിപാടി	New		0	0	0	0	0	0	0	0	100000	0	0	0	0	0	0	100000
109	111	ജില്ലാ ആശുപത്രിയിലെ ഫാർമസി	New		0	0	0	700000	0	0	0	0	0	0	0	0	0	0	0	700000
110	112	ആരോഗ്യ കേരളം പാലക്കാട്	New	ജില്ലാ ആശുപത്രി	50000	0	0	0	0	0	0	0	0	0	0	0	0	0	0	50000
111	113	ജില്ലാ ആശുപത്രി ഫാർമസി	New		0	0	0	505460	0	0	0	0	4840	0	0	0	0	0	0	510300
112	114	ഗവ. ചിൽഡ്രൻസ് ഹോസ്പിറ്റൽ കെട്ടിടം	New		0	0	0	0	0	0	0	0	0	0	0	0	0	250000	0	250000
113	115	ജില്ലാ ആശുപത്രി പുതിയ	New		0	0	0	649340	0	0	0	0	30660	0	0	0	0	40000	0	720000
114	116	കാസർഗോഡ് ജില്ലാ ആശുപത്രി	New		0	0	0	700000	0	0	0	0	0	0	0	0	0	0	0	700000
115	117	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	0	0	0	0	0	0	0	750000
116	118	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	0	0	0	0	0	500000	0	500000
117	119	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	0	0	0	0	0	0	0	370000
118	120	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	0	0	0	0	0	0	0	1387000
119	121	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	1000	0	0	200000	0	0	0	201000
120	122	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	0	0	0	0	0	0	0	0	0	0	500000	0	500000
121	123	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	40000	0	0	0	0	0	0	0	0	0	0	0	40000
122	124	ജില്ലാ ആശുപത്രി കാസർഗോഡ്	New		0	0	0	600000	0	0	0	0	0	0	0	0	0	0	0	600000

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
126	111	[illegible]	New		0	0	0	0	0	0	0	0	500000	0	0	0	0	0	200000	100000
127	112	[illegible]	New		14577	0	0	0	0	0	0	0	69423	0	0	0	0	0	0	100000
128	113	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	90000	0	90000
129	114	[illegible]	New	[illegible]	0	0	0	0	0	0	0	0	0	0	0	0	0	270000	0	270000
130	115	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	0	0	700000
131	116	[illegible]	New		0	0	0	400000	0	0	0	0	300000	0	0	0	0	0	0	200000
132	117	[illegible]	New		0	0	0	200000	0	0	0	0	0	0	0	0	0	0	0	100000
133	118	[illegible]	New		0	0	0	0	0	0	0	0	196455	0	0	0	0	102545	0	400000
134	119	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	400000	0	200000
135	120	[illegible]	New		200000	0	0	0	0	0	0	0	0	0	0	0	0	0	0	200000
136	121	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	1387000
137	122	[illegible]	New		0	0	0	0	0	0	0	0	300000	0	0	0	0	0	0	300000
138	123	[illegible]	New		0	0	0	0	0	0	0	0	330000	0	0	0	0	0	0	100000
139	124	[illegible]	New		0	0	0	0	0	0	0	0	274000	0	0	0	0	0	0	274000
140	125	[illegible]	New		0	0	0	300000	0	0	0	0	0	0	0	0	0	0	0	0
141	126	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	0	0	0
142		**[illegible]**			**14836712**	**0**	**0**	**10551111**	**0**	**0**	**0**	**0**	**9567383**	**1050000**	**0**	**1573000**	**0**	**22845000**	**200000**	**59548327**
143	01	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	1500000	0	1500000
144	91	[illegible]	New		0	0	0	0	0	0	0	0	0	0	0	0	0	200000	0	200000
145	99	[illegible]	New		400000	0	0	0	0	0	0	0	0	0	0	0	0	0	0	400000
146	102	[illegible]	New		165000	0	0	0	0	0	0	0	0	0	0	0	0	0	0	165000
147	105	[illegible]	New		100000	0	0	0	0	0	0	0	0	0	0	0	0	0	0	100000
148		[illegible]																		

09/03/2024

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
147	107		New		300000	0	0	587500	0	0	0	0	0	0	0	0	0	0	0	887500
148	109		New		0	0	0	482911	0	0	0	0	0	0	0	0	0	0	0	482911
149	113		New		0	0	0	50000	0	0	0	0	0	0	0	0	0	0	0	50000
150	147		SO		0	0	0	700000	0	0	0	0	99962	0	0	0	0	0	0	799962
151	149		SO		0	0	0	0	0	0	0	0	0	0	0	0	0	100000	0	100000
152	152		SO		1197705	0	0	0	0	0	0	0	300000	0	0	0	0	0	0	1497705
153	160		SO		0	0	0	0	0	0	0	0	432000	0	0	0	0	0	0	432000
154	163		SO		0	0	0	0	0	0	0	0	88604	0	0	0	0	0	0	88604
155	167		SO		500000	0	0	0	0	0	0	0	0	0	0	0	0	0	0	500000
156	171		New		0	0	0	0	0	0	0	0	0	0	0	0	0	1000000	0	1000000
157	175		New		370791	0	0	0	0	0	0	0	409	0	0	0	0	225000	0	595409
158	177		New		30000	0	0	0	0	0	0	0	0	0	0	0	0	0	0	30000
159	180		New		0	0	0	482108	0	0	0	0	0	0	0	0	0	0	0	482108
160	338		New		0	0	0	0	0	0	0	0	0	0	0	0	0	375000	0	375000
161	339		New		0	0	0	400000	0	0	0	0	200000	0	0	0	0	0	0	600000
					3833496	0	0	3702521	0	0	0	0	1094775	0	0	0	0	3400000	0	11030793
					27497110	0	0	14235354	0	0	100000	0	7722039	2182929	0	2972000	0	27330000	3150000	86382432
162	10		New		0	800000	0	0	0	0	0	0	0	0	0	0	0	0	0	800000
163	88		New		0	2988644	0	0	0	0	0	0	0	0	0	0	0	0	0	2988644
164	91		New		0	50327	0	0	0	0	0	0	47674	1784000	0	2450000	0	0	0	4332001

(1)	(2)	(3)			(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)	(18)	(19)
1	1		New		0	0	326000	0	0	0	0	0	0	0	0	0	0	0	0	326000
					0	0	326000	0	0	0	0	0	0	0	0	0	0	0	0	326000
					0	0	326000	0	0	0	0	0	0	0	0	0	0	0	0	326000
					27937110	13165555	326000	14255184	0	0	190000	0	8171714	3968929	0	9023000	0	27320000	3197500	106556162

09/02/2024